# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിന് അക്കൗണ്ട്സ് സെക്ഷനിലെ എ 2 സീറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

പരാമർശം : 1. 24.02.2024 തീയതിയിലെ ഇ1-6039/2024/PrHQ നമ്പർ ഉത്തരവ്
2. 15.03.2024 തീയതിയിൽ ബഹു. ഡി.ജി.പിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിന്റെ മിനിട്സ്.

**<u>ഉത്തരവ് നമ്പർ. E1-10613/2024/PrHQ; തീയതി : 20-04-2024</u>**

2018-19 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും, 10/01/2019ലെ G.O.(Rt) No. 213/2019/Fin നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്ത 'പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട്' സംബന്ധമായ വിഷയം നിലവിൽ പ്ലാനിംഗ് സെക്ഷനിലെ പി6 സീറ്റിലാണ് കൈകാര്യം ചെയ്തുവരുന്നത്. ഇതിന്റെ ഭാഗമായി പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് വിനിയോഗിച്ച് വിവിധ ജയിലുകളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ, പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് കമ്മിറ്റി മീറ്റിംഗ്, പ്രസ്തുത കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള തുടർ നടപടികൾ എന്നിവ പി6 സീറ്റിൽ കൈകാര്യം ചെയ്തുവരുന്നു. എന്നാൽ വിവിധ ജയിലുകളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റുകൾ/ മറ്റു സേവന സംരംഭങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം, ലാഭം എന്നിവ സംബന്ധിച്ച കണക്കുകൾ, പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ അക്കൗണ്ടുകൾ, ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേനയുള്ള ഓഡിറ്റിംഗ് എന്നിവ കൈകാര്യം ചെയ്തുവരുന്നത് അക്കൗണ്ട്സ് സെക്ഷനിലാണ്.

പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ വിഷയങ്ങൾ രണ്ട് സെക്ഷനുകളിലായി കൈകാര്യം ചെയ്ത് വരുന്നത് ഭരണപരമായ അസൗകര്യം ഉണ്ടാക്കുന്നതിനാലും പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ എല്ലാ വിഷയങ്ങളും, ഒരേ സെക്ഷനിൽ തന്നെ കൈകാര്യം ചെയ്യുന്നത് ഏറെ സൗകര്യപ്രദമായിരിക്കും എന്നതിനാലും, പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ചുവടെ പറയും പ്രകാരം ക്രമീകരണങ്ങൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിലവിൽ പ്ലാനിംഗ് സെക്ഷനിലെ പി6 സീറ്റിൽ കൈകാര്യം ചെയ്തു വരുന്ന പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ വിഷയം അക്കൗണ്ട്സ് സെക്ഷനിലെ എ2 സീറ്റിലേയ്ക്ക് മാറ്റി നൽകിക്കൊണ്ടും പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായ എല്ലാ വിഷയങ്ങളും ഫയലുകളും കൈകാര്യം ചെയ്യുന്നതിന് എ2 സീറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

പി6 സീറ്റിൽ പ്രിസൺ ഡെവലപ്‌മെന്റ് ഫണ്ട് സംബന്ധമായി നിലവിലുള്ള എല്ലാ ഫയലുകളും അനുബന്ധരേഖകളും എ2 സീറ്റിന് കൈമാറേണ്ടതും തുടർ നടപടികൾ എ2 സീറ്റിൽ

നിന്നും സ്വീകരിക്കേണ്ടതുമാണ്.

പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് സംബന്ധമായി അക്കൗണ്ട്സ് സെക്ഷനിലെ മറ്റു സീറ്റുകളിൽ നിലവിലുള്ള ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവയും എ2 സീറ്റിന് കൈമാറേണ്ടതും തുടർ നടപടികൾ എ 2 സീറ്റിൽ നിന്നും സ്വീകരിക്കേണ്ടതുമാണ്.

പ്രിസൺ ഡെവലപ്മെന്റ് ഫണ്ട് സംബന്ധമായി എ2 സീറ്റിൽ നിന്നുള്ള ഫയലുകൾ അക്കൗണ്ട്സ് സെക്ഷനിൽ ഉള്ള മറ്റു സീറ്റുകളിൽ തുടർന്നു വരുന്ന രീതിയിൽ അക്കൗണ്ട്സ് സെക്ഷൻ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, ഡിഐജി (HQ) വഴി വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1,പ്രോഗ്രാം ഓഫീസർ,
ജയിൽ ആസ്ഥാനകാര്യാലയം
2,അക്കൌണ്ട്സ് ഓഫീസർ
ജയിൽ ആസ്ഥാനകാര്യാലയം
3,സെക്ഷൻ സൂപ്രണ്ട്
പ്ലാനിങ്,അക്കൌണ്ട്സ്
4,ശ്രീ.അഭിലാഷ്.എസ്
ക്ലർക്ക്, അ്ക്കൗണ്ട്സ് സെക്ഷൻ
5,ശ്രീ.പ്രവീൺ മോഹൻ
ക്ലർക്ക്, പ്ലാനിംഗ് സെക്ഷൻ

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും